പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5271 06.02.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസുകളിൽ വീണുകിട്ടിയ വസ്തുക്കളുടെ ലേലം

ചോദ്യം ഉത്തരം

ശ്രീമതി. കെ. എസ്. സലീഖ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വീസ് നടത്തുന്ന ബസ്സുകളിൽനിന്നും വിവിധ ഡിപ്പോകളിൽനിന്നും കളഞ്ഞുകിട്ടുന്ന സ്വർണ്ണം, വെള്ളി ഉൾപ്പെടെയുള്ള വിലകൂടിയ വസ്തുവകകൾ, മറ്റ് വസ്തുക്കൾ എന്നിവ ലേലം ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി. നിലവിൽ പാലിക്കുന്ന നിയമ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരവും ഹാൻഡ് ബുക്ക് ഓഫ് കൊമേഴ്സ്യൽ അക്കൗണ്ട്സ് പാർട്ട് I പ്രകാരവും ഉള്ള നിയമ വ്യവസ്ഥകൾ പാലിച്ചാണ് ലേലം നടത്തുന്നത്. |
| (ബി) | ഇത്തരത്തിൽ അവസാനമായി ലേലം നടന്നത് എപ്പോഴാണെന്നും, എത്ര തുക ലേലയിനത്തിൽ കിട്ടിയെന്നും വിശദമാക്കുമോ ; | (ബി) | ഇത്തരത്തിൽ അവസാനമായി ലേലം നടത്തിയത്. 26.04.2007-ലാണ്, ലേല തുക 6,21,126 രൂപയും, വാറ്റിനത്തിൽ 24,845 രൂപയും ചേർത്ത് ആകെ 6,45,971 രൂപയാണ് ലേലത്തിൽ ലഭിച്ചത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര തുകയുടെ ലേലം നടത്തുകയുണ്ടായി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വർണ്ണം, വെള്ളിയിനത്തിൽ ലേലം നടത്തിയിട്ടില്ല. |
| (ഡി) | നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ പക്കൽ ലേലം ചെയ്യുവാനുള്ള വിലകൂടിയ വസ്തുക്കൾ എത്രമാത്രമുണ്ടെന്നതിന്റെ വിശദാംശം നല്കുമോ ; | (ഡി) | 05.06.2006 മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി.യുടെ പക്കൽ 3154.07 ഗ്രാം സ്വർണ്ണവും 1822.126 ഗ്രാം വെള്ളിയും ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇവ ലേലം ചെയ്യുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ ; ഏതെല്ലാം വസ്തുക്കൾ ലേലം ചെയ്യുവാൻ പരസ്യം ഉൾപ്പെടെയുള്ള, എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ഇ) | 20.01.2014-ൽ സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ജില്ലാ കളക്ടറുടെ സ്റ്റേ കാരണം ലേലം നിർത്തിവച്ചു. സ്റ്റേ വെക്കേറ്റ് ചെയ്താൽ ഉടൻതന്നെ ലേല നടപടികൾ നടത്തുന്നതാണ്. |
| (എഫ്) | കെ.എസ്.ആർ.ടി.സി. തീരുമാന പ്രകാരം 2014 ജനുവരി മാസത്തിൽ വിലകൂടിയ വസ്തുക്കളുടെ ലേലം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (എഫ്) | 20.01.2014-ൽ സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ലേലം നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ അന്നേ ദിവസം തന്നെ കളക്ടറുടെ സ്റ്റേ ഓർഡർ പ്രകാരം ലേല നടപടികൾ നിർത്തിവച്ചു. |
| (ജി) | നഷ്ടത്തിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.യ്ക്ക് മുതൽ കൂട്ടുന്നതിനായിവേണ്ടുന്ന നിയമ വ്യവസ്ഥകൾ പാലിച്ച് പ്രസ്തുത വിലകൂടിയ വസ്തുക്കൾ ലേലം ചെയ്ത് വിൽക്കുവാൻ ഗതാഗത വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ജി) | നിയമാനുസൃതമായ എല്ലാ വിധ നടപടികളും കെ.എസ്.ആർ.ടി.സി മുഖേന സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ